(പ്രത്യേക മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്, സ്ഥിരീകരണത്തിനായി)

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## മിനിറ്റ്സ്, പ്രത്യേക മാനേജ്മെന്റ് കൗൺസിൽ യോഗം

തീയ്യതി : **24** സെപ്റ്റംബർ **2024**, സമയം : രാവിലെ **11.30** മണി

(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/5446/2024)

**ഹാജരായ അംഗങ്ങൾ:**

18. ഡോ. അനിൽ. കെ.എസ്. വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്) - അദ്ധ്യക്ഷൻ
19. അഡ്വ. ടി. സിദ്ദിക് - എം.എൽ.എ. (എം.എൽ.എ പ്രതിനിധി)
20. ശ്രീ. കെ.എം. സച്ചിൻദേവ് (എം.എൽ.എ. പ്രതിനിധി)
21. ഡോ. ദിവാകർ ഹേമാദ്രി, അസി. ഡയറക്ടർ ജനറൽ - ഐ.സി.എ.ആർ. പ്രതിനിധി (ഓൺലൈൻ)
22. ശ്രീ. ഷിബു. എ.ടി., അഡീഷണൽ സെക്രട്ടറി (മൃഗ സംരക്ഷണ വിഭാഗം സെക്രട്ടറിയുടെ പ്രതിനിധി) (ഓൺലൈൻ)
23. ഡോ. കെ. വിജയകുമാർ, ഫാക്കൽറ്റി ഡീൻ, വെറ്ററിനറി
24. ഡോ. എസ്.എൻ. രാജകുമാർ, ഫാക്കൽറ്റി ഡീൻ, ഡയറി സയൻസ് & ടെക്നോളജി
25. ഡോ. സി. ലത, ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)
26. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
27. ശ്രീ. അഭിറാം. പി. (തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധി)
28. ഡോ. ബിപിൻ. കെ.സി. (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
29. ഡോ. ദിനേശ്. പി.റ്റി. (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
30. ഡോ. ശ്രീരഞ്ജിനി. എ.ആർ. (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
31. ശ്രീ. സന്തോഷ്. സി.ആർ. (തിരഞ്ഞെടുക്കപ്പെട്ട അനദ്ധ്യാപക വിഭാഗം പ്രതിനിധി)
32. ശ്രീ. സുധീഷ്. പി.എസ്. (തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളി വിഭാഗം പ്രതിനിധി)
33. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

**സാന്നിധ്യം:**

5. ശ്രീ. ജയപ്രകാശ്. പി.റ്റി. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രതിനിധി)
6. ശ്രീ. ദിനേശൻ. എ.കെ., ഫിനാൻസ് ഓഫീസർ
7. ശ്രീ. ശ്രീജിത്ത്. എ.വി. യൂണിവേഴ്സിറ്റി എഞ്ചിനീയർ, ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം.

യോഗം 11.30 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് അജണ്ടാക്കുറിപ്പ് അവതരിപ്പിച്ചു.

| | |
|---|---|
| Item No. 1 | KVASU/GA/C3/1214/2024<br>GA - Unfortunate incidents that lead to tragic death of Sidharthan J S.(2022-BVP-250) B.V.Sc & AH Student in the hostel room at Mens Hostel, CVAS, Pookode - Dr. M.K.Narayanan, Dean and Dr.R.Kanthanathan, Assistant Professor suspended from Service - Inquiry Report submitted to Hon'ble |

| | |
|---|---|
| | Chancellor- To comply with the directions received with regard to further processing - Reg |
| Decision | 22-08-2024 - ന് ചേർന്ന 47-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിൽ ബഹു. വൈസ് ചാൻസലറുടെ നിർദ്ദേശാനുസരണം മൂന്ന് അംഗ സമിതിയെ റിപ്പോർട്ട് പഠിക്കാൻ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ നിഗമനങ്ങൾ 24-09-2024 - ന് ചേർന്ന പ്രത്യേക മാനേജ്മെന്റ് കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ചു. വിശദമായ ചർച്ചയ്ക്ക് ശേഷം, പ്രസ്തുത വിഷയത്തിൽ വീഴ്ച ഉണ്ടായതായും എൻക്വയറി റിപ്പോർട്ടിൽ പരാമർശിച്ച ഡീൻ, അസിസ്റ്റന്റ് വാർഡൻ എന്നിവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും വൈസ് ചാൻസലർ നിർദ്ദേശിച്ചു. വൈസ് ചാൻസലറുടെ അഭിപ്രായത്തിനോട് അഡ്വ. ടി. സിദ്ദിക്ക് - എം.എൽ.എ., ഡോ. ദിനേശ്. പി.ടി. - അധ്യാപക പ്രതിനിധി, ഡോ. കെ. വിജയകുമാർ - ഫാക്കൽറ്റി ഡീൻ എന്നീ അംഗങ്ങൾ യോജിച്ചു.<br><br>എന്നാൽ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള WP(C) 33291/2024 - ന്റെ വിഷയമായി നിലനില്ക്കുന്നതിനാൽ, നിലവിൽ തീരുമാനങ്ങൾ എടുക്കുന്നതിന് പരിമിതികളുണ്ടെന്ന് മാനേജ്മെന്റ് കൗൺസിൽ ഭൂരിപക്ഷ അഭിപ്രായത്തിൽ തീരുമാനമെടുത്തു.<br><br>നിർദ്ദിഷ്ട അച്ചടക്ക നടപടിയിലെ തീരുമാനം ബാധകമാകുമെന്ന വ്യവസ്ഥയിൽ, പൂക്കോട് വെറ്ററിനറി കോളേജ് ഡീനും, ഹോസ്റ്റൽ വാർഡനുമായ ഡോ. എം.കെ. നാരായണന്റെ സസ്പെൻഷൻ പിൻവലിക്കുന്നതിനും തിരുവാഴാംകുന്ന് സി.എ.എസ്.എം. കോളേജിലേക്ക് സ്ഥലം മാറ്റം നടത്തി ഡീൻ തസ്തികയിൽ നിയമിക്കാനും തീരുമാനിച്ചു.<br><br>നിർദ്ദിഷ്ട അച്ചടക്ക നടപടിയിലെ തീരുമാനം ബാധകമാകുമെന്ന വ്യവസ്ഥയിൽ, പൂക്കോട് വെറ്ററിനറി കോളേജിലെ അസിസ്റ്റൻറ് പ്രൊഫസറും, ഹോസ്റ്റൽ അസിസ്റ്റൻറ് വാർഡനുമായ ഡോ. ആർ. കാന്തനാഥന്റെ സസ്പെൻഷൻ പിൻവലിച്ച് തിരുവാഴാംകുന്ന് സി.എ.എസ്.എം. കോളേജിലേക്ക് സ്ഥലം മാറ്റം നടത്തി നിയമിക്കാനും തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റ് അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 02.30 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അദ്ധ്യക്ഷൻ)**
*(24/09/2024 തീയതിയിൽ അംഗീകരിച്ചു)*

**//True Copy//**

**SECTION OFFICER - GA/B Section**